Janayugom 07-09-18, P-12

## കുട്ടനാട്ടിലെ പ്രളയക്കെടുതി

# കാർഷിക മേഖലയിൽ 250 കോടി നഷ്ടം

ആർ ബാലചന്ദ്രൻ

ആലപ്പുഴ: പ്രളയത്തിൽ തകർന്നടിഞ്ഞ കുട്ടനാട്- അപ്പർ കുട്ടനാട്ടിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സർക്കാർ ഊർജ്ജിതപ്പെടുത്തി.

രണ്ടാം കൃഷി നാശം സംഭവിച്ച കർഷകർക്ക് ധനസഹായ വിതരണം ചെയ്യാനുള്ള നടപടികൾക്കാണ് കൃഷി വകുപ്പ് ഇപ്പോൾ ഊന്നൽ നൽകുന്നത്. ഇതിനായി രണ്ട് കോടി രൂപ സർക്കാർ ജില്ലാ ഭരണകൂടത്തിന് അനുവദിച്ചു കഴിഞ്ഞു. നഷ്ടപരിഹാരത്തിന് അർഹരായ കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥർ പൂർത്തീകരിച്ച് വരുകയാണ്. രണ്ട് ദിവസത്തിനുള്ളിൽ നടപടി പൂർത്തിയാക്കുമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ ബീന നടേശ് ജനയുഗത്തോട് പറഞ്ഞു.

മേഖലയിലെ കൃഷി ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷമാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. വെള്ളംകയറി തകരാർ സംഭവിച്ച 203 മോട്ടോർ തറകളുടെ അറ്റകുറ്റപണിക്കുള്ള പണവും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് 10,000 രൂപ മുതൽ 20,000 രൂപവരെയാണ് വകുപ്പ് മാറ്റിവെച്ചിരിക്കുന്നത്. നേരത്തെ മടവീഴ്ച ഉണ്ടായ 77 പ്രധാന പാടങ്ങൾക്ക് എഴുപത് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ പ്രഥമിക വിലയിരുത്തലിന്റെ ഭാഗമായി നൽകിയിരുന്നു.

### നെൽകർഷകർക്കുള്ള രണ്ട് കോടി രൂപയുടെ ധനസഹായ വിതരണം ഉടൻ

ഇതുവരെ കുട്ടനാട്ടിലെ കാർഷിക മേഖലയിൽ 250 കോടിയുടെ നഷ്ടമാണ് രേഖപ്പെടുത്തിരിക്കുന്നത്. മേഖലയിൽ ആകെ 10,500 ഹെക്ടർ സ്ഥലത്താണ് കർഷകർ രണ്ടാം കൃഷി നടത്തിവന്നിരുന്നത്. ഇതിൽ 3600 ഹെക്ടർ കൃഷിക്ക് മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ കിട്ടുന്നത്. ബാക്കിയുള്ള 6900 ഹെക്ടർ കൃഷിയുടെ കാര്യത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വവും ആശങ്കയും പരിഹരിക്കുന്നതിനായി കർഷകർക്ക് 10,500 രൂപ വീതം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനുള്ള നടപടികളും കൃഷിവകുപ്പ് തുടങ്ങി കഴിഞ്ഞു.

അതേസമയം, മടവീണതും വെള്ളംകയറി നശിച്ചതുമായ പാടശേഖരങ്ങളുടെ വീണ്ടെടുപ്പിനുള്ള ശ്രമങ്ങൾ ശക്തമായി നടക്കുകയാണ്. കൈനകരിയിലെ പരുത്തിവളവ്, കുപ്പപ്പുറം, വാവക്കാട്, വലിയതുറ, ആറുപങ്ക് എന്നിവിടങ്ങളിൽ ഉയർന്ന കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിച്ച് വെള്ളംവറ്റിക്കാനുള്ള നടപടി പുരോഗമിക്കുകയാണ്. ഇതിന് വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ സഹായവും ലഭിക്കുന്നുണ്ട്.